പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.427 **1/12/2015-ൽ മറുപടിക്ക്**

വൈദ്യുതി ഉല്പാദനത്തിന് പുതിയ പദ്ധതികൾ

ചോദ്യം	മറുപടി
ശ്രീ.കെ.രാജു	ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)
(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനത്തിന് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;	(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. കെഎസ് ഇ ബി യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പുതിയ പദ്ധതികൾക്ക് പുറമെ 23 ചെറുകിട ജലവൈദ്യുത പദ്ധതികൾ മത്സര ദർഘാസിന്റെ അടിസ്ഥാനത്തിലൂടെ സ്വകാര്യമേഖലയിൽ Ipp/cpp വിഭാഗത്തിലായി അനുവദിക്കുകയും ആയതിന്റെ നടപടികൾ തുടർന്നുവരികയും ചെയ്യുന്നു. അതോടൊപ്പം 64 പീക്കോ ജലവൈദ്യുത പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ കമ്മീഷൻ ചെയ്യുന്നതിനും സാധിച്ചു.
(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;	(ബി) 218.9 മെഗാവാട്ടിന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് കെ.എസ്.ഇ.ബി.എൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 മെഗാവാട്ടിന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്.
(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?	(സി) ചെറുകിട ജലവൈദ്യുത പദ്ധതികളുടെ രൂപരേഖകൾ പരിശോധിക്കുന്നതിനും മറ്റ് പദ്ധതിയുടെ പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനും ആയി സർക്കാർ സാങ്കേതിക വിദഗ്ധരുടെ

കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

- പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ മേൽനോട്ടത്തിലുള്ള കമ്മിറ്റി നിലവിലുണ്ട്. വകുപ്പ് മന്ത്രിയുടെ മേൽനോട്ടത്തിൽ ഇത് അവലോകനം ചെയ്യുന്നുമുണ്ട്.
- ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് അധ്യക്ഷന്മാർ അംഗങ്ങളായുള്ള ഏകജാലക സംവിധാനവും നിലവിലുണ്ട്.

താപനിലയങ്ങളുടെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

ബ്രഹ്മപുരത്ത് കേടായ രണ്ട് ഡീസൽ ജനറേറ്ററുകൾക്ക് പകരം എൽ.എൻ.ജി ഇന്ധനമായുള്ള ജനറേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയ്ക്കു വേണ്ടി കരാറുകളിൽ ഏർപ്പെടുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എൺ വയോൺമെന്റൽ ഇംപാക്ട് സ്റ്റഡിയ്ക്കു വേണ്ടിയുള്ള ടേംസ് ഓഫ് റഫറൻസിന്റെ അംഗീകാരത്തിനു വേണ്ടി സ്റ്റേറ്റ് എൺവ യോൺമെന്റൽ ഇംപാക്ട് അസ്സസ്സ്മെന്റ് ഏജൻസിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

പെട്രോനെറ്റും കെ.എസ്.ഇ.ബിയും യോജിച്ച് സംയുക്ത സംരംഭമായി പുതുവൈപ്പിനിൽ 1200 മെഗാവാട്ട് വാതകാധിഷ്ഠിത പദ്ധതിയ്ക്ക് വേണ്ടി വിശദമായ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

ചീമേനിയിൽ താപനിലയത്തിനു വേണ്ടി കണ്ടെത്തിയിട്ടുള്ള സ്ഥലം കെ.എസ്.ഇ.ബി.എൽ.ന് കൈമാറുന്നതിന് വേണ്ട നടപടികൾ തുടങ്ങിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽ നിന്നും കേരളത്തിന് കൽക്കരിപ്പാടം അനുവദിച്ചു കിട്ടുന്നതിനുള്ള അപേക്ഷയും നൽകിയിട്ടുണ്ട്.

കൊച്ചിയിൽ പെറ്റ്കോക്ക് ഇന്ധനമാക്കി ക്കൊണ്ടുള്ള പദ്ധതിയുടെ ആവശ്യത്തിലേ യ്ക്കായി FACTന്റെ കൈവ ശമുള്ള 150 ഏക്കർ സ്ഥലം സംസ്ഥാന സർക്കാരിന് തിരികെ നൽകുന്നതിന്റെ പ്രാരംഭ നടപടി എന്ന നിലയിൽ FACTന്റെ കൈവശമുള്ള ഭൂമിയിന്മേൽ അവർക്ക് ഫ്രീ ഹോൾഡ് നൽകിക്കൊണ്ട് സർക്കാർ ഉത്തരവിറ ക്കിയിട്ടുണ്ട്. കൊച്ചി റിഫൈനറിയുമായി പെറ്റ്കോക്ക് ഇന്ധനത്തിന്റെ വില സംബ ന്ധമായ ചർച്ചകൾ നടന്നു വരുന്നു.

പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്തിലെ 300 ഏക്കർ ചതുപ്പ് നിലങ്ങളിൽ NHPC നടപ്പിലാക്കാനുദ്ദേശിക്കുന്ന 50 മെഗാവാട്ട് സൗരോർജ്ജ പദ്ധതിയ്ക്ക് വേണ്ടി കെ.എസ്. ഇ.ബി.എൽ NHPCയുമായി ധാരണാപത്ര ത്തിൽ ഒപ്പുവച്ചിട്ടുണ്ട്. പദ്ധതിയ്ക്കുവേണ്ട ഭൂമി പാട്ടത്തിന് എടുക്കുന്നതിനായി ഭൂവുടമകളും പഞ്ചായത്തും ചേർന്ന് രൂപീകരിച്ച കമ്പനിയു മായുള്ള ധാരണാപത്രത്തിൽ കെ.എസ്. ഇ.ബി എൽ ഒപ്പുവച്ചിട്ടുണ്ട്. സൗരോർജ്ജ പദ്ധതിയുടെയും കാറ്റിൽ നിന്നുള്ള പദ്ധതിക ളുടെയും നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധത്തിൽ വിവരി ച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

Generation Projects

Sl No.	Name of Project	Installed capacity (MW)	Annual Generation (Mu)	Schedule of completion	
				Year of starting	Year of completion
I	**ONGOING PROJECTS**				
1	Barapole SHEP	15	36.00	2010	Jan 2016
2	Vellathooval SHEP	3.6	12.17	2012	Mar 2016
3	Perunthenaruvi SHEP	6	25.7	2012	Oct 2016
4	Kakkayam SHEP	3	10.39	2011	Feb 2017
5	Chathankottunada -II	6	14.76	2010	Jun 2017
6	Poringalkuthu SHEP	24	45.02	2014	Jun 2017
7	Bhoothathankettu SHP	24	83.5	2014	Dec 2017
8	Sengulam Augmentation		85	2009	Dec 2017
9	Thottiyar HEP	40	99	2009	Jun 2018
10	Pallivasal Extension	60	153.9	2007	Jun 2018
	Total	**181.6**	**565.44**		
II	**NEW PROJECTS**				
1	Upper Kallar SHEP	2	5.14	2016	2019
2	Peruvannamuzhy SHEP	6	24.70	2016	2019
3	Chembukadavu Stage III	7.5	17.715	2016	2019
4	Olikkal SHEP	5	10.26	2016	2019
5	Poovaramthode SHEP	3	5.88		
6	Chinnar SHEP	24	76.45	2016	2020
7	Marippuzha SHEP	6	14.84	2017	2010
8	Anakkayam SHEP	7.5	22.83	2016	2020
9	Valanthode SHEP	7.5	15.29	2017	2010
10	Mankulam HEP	40	82	2017	2021
11	Ladrum SHEP	3.5	12.13	2017	2010
12	Upper Sengulam SHEP	24	53.22	2017	2021
13	Peechad SHEP	3	7.74	2017	2020
14	Western Kallar SHEP	5	17.41	2017	2020
15	Athirappilly HEP	163	212	2017	2022
16	Marmala SHEP	7	23.02	2017	2020
17	Pazhassi Sagar SHEP	7.5	25.16	2017	2010
18	Vythiri SHEP	60	167.29	2017	2020
	Total	**381.5**	**793.076**		
	Grand Total	563.1	1358.52		

അനുബന്ധം-1

വൻതോതിൽ ഉൽപാദനം ലക്ഷ്യമിട്ട് പരിഗണിക്കുന്ന പദ്ധതികൾ

1. ബ്രഹ്മപുരത്ത് കേടായ രണ്ട് ഡീസൽ ജനറേറ്ററുകൾക്ക് പകരം എൽ.എൻ.ജി. ഇന്ധനമായുള്ള ജനറേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി.
2. കായംകുളം നിലയം നാഫ്ത്തയിൽ നിന്നും എൽ.എൻ.ജി. യിലേക്ക് മാറ്റുന്ന പദ്ധതി. (360 മെഗാവാട്ട്)
3. ബ്രഹ്മപുരത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൻെറ 1026 മെഗാവാട്ട് വാതകാധിഷ്ഠിതപദ്ധതി. ഒന്നാം ഘട്ടമായി 400 മെഗാവാട്ട് പദ്ധതി.
4. കായംകുളം നിലയത്തിൻെറ വിപുലീകരണ പദ്ധതി 1050 മെഗാവാട്ട്.
5. ചീമേനിയിൽ എൽ.എൻ.ജി. ഉപയോഗിച്ചുള്ള പദ്ധതി 1200 മെഗാവാട്ട്.
6. പെട്രോനെറ്റും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും യോജിച്ച് സംയുക്ത സംരംഭമായി പുതു വൈപ്പിനിൽ 1200 മെഗാവാട്ട് പദ്ധതി.
7. ഒറീസയിലെ വൈതരണിയിൽ നിന്നുള്ള കൽക്കരി ഉപയോഗപ്പെടുത്തി 1050 മെഗാവാട്ടിൻെറ പദ്ധതി.
8. കൊച്ചിയിൽ പെറ്റ്കോക്ക് ഇന്ധനമാക്കിക്കൊണ്ടുള്ള 500 മെഗാവാട്ട് പദ്ധതി.

കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

നം.	പദ്ധതിയുടെ പേര്	സ്ഥാപിത ശേഷി (മെഗാ വാട്ട്)	പൂർത്തീകരിച്ച തീയതി
1	കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്)	1.00	20.08.2015
2	ചാലയൂർ ആദിവാസി കോളനിയിലെ വീട്ടുകളുടെ മേൽക്കൂരയിൽ	0.096	31.08.2015
3	പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ	0.050	10.09.2015
	ആകെ	1.146	

നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

നം.	പദ്ധതിയുടെ പേര്	സ്ഥാപിത ശേഷി (മെഗാ വാട്ട്)	ഇപ്പോഴത്തെ നിലവാരം
1	കെ.എസ്.ഇ.ബി യുടെ ജനറേഷൻ വിഭാഗത്തിലെ അനുയോജ്യമായ പവർ ഹൗസ് കെട്ടിടങ്ങളുടെ മുകളിൽ ഗ്രിഡ് കണക്ടഡ് (17 നം.)	0.700	നിർമ്മാണം ആരംഭിച്ചു
2	പാലക്കാട് 5 ആദിവാസി കോളനികൾ ഡി.ഡി.ജി	0.047	നിർമ്മാണം ആരംഭിച്ചു
3	പാലക്കാട് 10 ആദിവാസി കോളനികൾ ഡി.ഡി.ജി	0.0845	04.11.2015 ൽ കരാർ ഒപ്പു വച്ചു
4	ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫീസ് പരിസരത്ത്	1.25	വർക്ക് ഓർഡർ നൽകി
5	കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത്	1.00	29.10.2015 ൽ കരാർ ഒപ്പു വച്ചു
6	പടിഞ്ഞാറത്തറ ഡാം	0.400	വർക്ക് ഓർഡർ നൽകി
	ആകെ	3.4815	

ടെൻഡർ ക്ഷണിച്ച സൗരോർജ്ജ പദ്ധതികൾ

നം.	പദ്ധതിയുടെ പേര്	സ്ഥാപിത ശേഷി (മെഗാ വാട്ട്)	ഇപ്പോഴത്തെ നിലവാരം
1	തിരുവനന്തപുരം വൈദ്യുതി ഭവനത്തിൻെറ മുകളിൽ	0.03	ടെൻഡർ നടപടികൾ
2	ബാണാസുരസാഗർ റിസർവൊയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ്	0.50	വർക്ക് അവാർഡ് ചെയ്തു
3	കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം)	0.91	വർക്ക് ഓർഡർ നൽകി
4	കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം)	0.46	വർക്ക് ഓർഡർ നൽകി
5	പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത്	2.00	ടെൻഡർ വിളിച്ചു
6	തലക്കുളത്തൂർ, കോഴിക്കോട്	0.65	ടെൻഡർ വിളിച്ചു
7	പൊന്നാനി, മലപ്പുറം	0.50	ടെൻഡർ വിളിച്ചു
8	കൊട്ടിയം, കൊല്ലം	0.60	ടെൻഡർ വിളിച്ചു
9	ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ്	3.00	വർക്ക് ഓർഡർ നൽകി
10	ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക്	1.00	ടെൻഡർ വിളിച്ചു
11	പീരുമേട്, ഇടുക്കി	0.50	ടെൻഡർ വിളിച്ചു
12	മാടക്കത്തറ & ചൂളിശ്ശേരി, തൃശ്ശൂർ	1.50	ടെൻഡർ വിളിച്ചു
13	ഏറ്റുമാനൂർ, കോട്ടയം	1.00	ടെൻഡർ വിളിച്ചു
14	പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം	1.25	ടെൻഡർ വിളിച്ചു
15	മഞ്ചേശ്വരം കാസർഗോഡ്	0.50	ടെൻഡർ വിളിച്ചു
16	മയിലാട്ടി, കാസർഗോഡ്	1.00	ടെൻഡർ വിളിച്ചു
	ആകെ	15.4	

ലക്ഷ്യം വയ്ക്കുന്ന പുതിയ സൗരോർജ്ജ/കാറ്റിൽ നിന്നുള്ള പദ്ധതികൾ

നം.	പദ്ധതിയുടെ പേര്	സ്ഥാപിത ശേഷി (മെഗാ വാട്ട്)	ഇപ്പോഴത്തെ നിലവാരം
1	കമ്പമല എസ്റ്റേറ്റ്	0.040	ഫോറസ്റ്റിന്റെ അനുമതി ലഭിച്ചിട്ടില്ല
2	കാസർഗോഡ് സോളാർ പാർക്ക് ഗ്രിഡ് കണക്റ്റഡ് ഗ്രൗണ്ട്	200.00	487.71 ഏക്കർ സ്ഥലം 07.10.2015 ൽ എടുത്ത് ജോയിന്റ് വെഞ്ചർ കമ്പനി സ്ഥാപിക്കുന്നതിനുള്ള നടപടി നടന്നു വരുന്നു
3	കൊച്ചി ഫോർട്ട് ട്രസ്റ്റിൽ കെ.എസ്.ഇ.ബി യുടെ സ്ഥലത്ത്	5 മെഗാവാട്ട്	
4	ചതുരംഗപ്പാറയിൽ മൈക്രോ ഗ്രിഡ് പദ്ധതി	500 കിലോ വാട്ട് സോളാർ 800 കിലോ വാട്ട് വിൻഡ്	സാമ്പത്തിക സഹായത്തിനായി പ്ലാനിംഗ് ബോർഡിൽ പദ്ധതിയുടെ വിശദാംശം സമർപ്പിച്ചിട്ടുണ്ട്.
5	അഗളി മോഡൽ പദ്ധതികൾ	2 മെഗാവാട്ട്	സാമ്പത്തിക സഹായത്തിനായി പ്ലാനിംഗ് ബോർഡിൽ പദ്ധതിയുടെ വിശദാംശം സമർപ്പിച്ചിട്ടുണ്ട്
6	പൂവാർ ഫിഷർമെൻ കോളനി	1 മെഗാവാട്ട്	
	ആകെ സോളാർ **ആകെ വിൻഡ്**	208.54 0.8	

മറ്റ് ഏജൻസി വഴി നടപ്പാക്കാൻ ലക്ഷിമിടുന്ന പാരമ്പര്യേതര പദ്ധതികൾ		
ക്രമനമ്പർ	സൗരോർജ്ജപദ്ധതി	ശേഷി(മെഗാവാട്ട്)
1	കൊല്ലം ജില്ലയിൽ വെസ്റ്റ് കല്ലട ഗ്രാമ പഞ്ചായത്തിൽ സ്ഥാപിക്കുന്ന സോളാർ പദ്ധതി	50
2	കാസർഗോഡ് ജില്ലയിൽ സോളാർ പാർക്ക് സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ SECI- യുമായി സഹകരിച്ച് കൊണ്ടുള്ള പദ്ധതി	200
	ആകെ	250

കാറ്റിൽ നിന്നുള്ള പദ്ധതികൾ

നം	പദ്ധതിയുടെ പേര്	സ്ഥാപിത ശേഷി	ഇപ്പോഴത്തെ നിലവാരം
1	അഗളിയിൽNHPC സ്ഥാപിക്കാനുദ്ദേശിക്കുന്ന കാറ്റാടി പദ്ധതി.	82 മെഗാവാട്ട്	ഡി.പി.ആർ.NHPC സമർപ്പിച്ചിട്ടുണ്ട്.
2	കെ.എസ്.ഇ.ബി. കഞ്ചിക്കോട് കാറ്റാടിനിലയത്തിന്റെ ശേഷി വർദ്ധിപ്പിക്കാനുദ്ദേശിച്ചുള്ള പദ്ധതി.	ശേഷി നിർണ്ണയിച്ചിട്ടില്ല	സാധ്യതാ പഠനം നടന്നു വരുന്നു.
3	പാലക്കാട് 220KV സബ്സ്റ്റേഷൻ പരിസരത്ത് കെ.എസ്.ഇ.ബി സ്ഥാപിക്കാനുദ്ദേശിക്കുന്ന പദ്ധതി.	ശേഷി നിർണ്ണയിച്ചിട്ടില്ല	സാധ്യതാപഠനത്തിനുവേണ്ട അംഗീകാരം ലഭിച്ചിട്ടുണ്ട്.
4	കൊശമറ്റം ഫിനാൻസ് ലിമിറ്റഡ് രാമക്കൽ മേട്ടിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പദ്ധതി.	1 മെഗാവാട്ട്	ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബിയെ സമീപിച്ചിട്ടുണ്ട്.
5	അഹല്യാ ആൾട്ടർനേറ്റ് എനർജി ലിമിറ്റഡ്. പാലക്കാട് കഞ്ചിക്കോട് സ്ഥാപിക്കാനുദ്ദേശിക്കുന്ന പദ്ധതി	8.4 മെഗാവാട്ട്	കെ.എസ്.ഇ.ബി പവർപർച്ചേസ് കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
6.	കഞ്ചിക്കോട് INOX കമ്പനിയുടെ പദ്ധതി	22 മെഗാവാട്ട്	സാങ്കേതിക അനുമതി കത്ത് ANERT ൽ നിന്നും ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ